II. ശ്രദ്ധക്ഷണിക്കൽ

(1) ഓട്ടോകാസ്റ്റ്, കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്നിവ നേരിടുന്ന പ്രതിസന്ധി

ഡോ. തോമസ് ഐസക്: സർ, ഇന്നത്തെ സാഹചര്യത്തിൽ അടിയന്തിര സ്വഭാവം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ഒരു വിഷയം ഔപചാരികമായി ഉന്നയിക്കുകയാണ്. ഓട്ടോകാസ്റ്റ് ഒരു പ്രമുഖ പീഡിത പൊതുമേഖലാ സ്ഥാപനമാണ്. അതിപ്പോൾ ബി.ഐ.എഫ്.ആർ.-ന്റെ പരിഗണനയിലാണ്. ബി.ഐ.എഫ്.ആർ. സർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓട്ടോകാസ്റ്റും കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസും പുനരുദ്ധരിക്കുന്നതിന് സർക്കാരിനൊരു സ്കീം ഉണ്ടെന്ന് പറയാത്തതു മൂലം ഇത് അടച്ചുപൂട്ടുന്നതിന് അവർ തീരുമാനിച്ചിരിക്കുകയാണ്. ഏറ്റവും അവസാനത്തെ ചാൻസ് എന്നു പറഞ്ഞ് 29-ാം തീയതി ബി.ഐ.എഫ്.ആർ. യോഗം ചേർന്നു. ആ യോഗത്തിൽ തീരുമാനിച്ചിരിക്കുന്നത് അന്നേയ്ക്ക് 15 ദിവസം കഴിയുമ്പോൾ സർക്കാർ ഇനിയും പുനരുദ്ധാരണ സ്കീം സമർപ്പിക്കാതിരിക്കുകയോ അതിനുവേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം കെട്ടിവയ്ക്കാൻ തയ്യാറാകാതിരിക്കുകയോ ചെയ്താൽ മറ്റ് ഹിയറിംഗ് ഇല്ലാതെ ഈ സ്ഥാപനം അടച്ചുപൂട്ടുമെന്നാണ്. ബി.ഐ.എഫ്.ആർ.-ലേക്ക് വരുന്ന ഓപ്പറേറ്റിംഗ് ഏജൻസി തിരുവനന്തപുരം പൂജപ്പുരയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ്. അതിനെ സംബന്ധിച്ചുള്ള വിധിയുടെ പകർപ്പ് എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കണം. ഒരു പുനരുദ്ധാരണ സ്കീം ഈ കമ്പനിക്കായി ആറു മാസത്തിനുമുമ്പ് തന്നിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പ്രസ്തുത സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് മൂന്ന് വർഷം കൊണ്ട് മൂന്നരക്കോടി രൂപ മാത്രമാണ് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത്. നിങ്ങൾ ഈ ചെറിയ കാര്യം ചെയ്താൽ, നിങ്ങൾ ഇ.ആർ.സി. റിപ്പോർട്ട് പ്രകാരം തീരുമാനിച്ചിട്ടുള്ള ഒ.ടി.എസ്. നടപ്പിലാക്കിക്കഴിഞ്ഞാൽ, ഇത്രയും തുക മുടക്കി കമ്പനി റീവാമ്പ് ചെയ്താൽ ഇത് ലാഭത്തിൽ നടത്താമെന്ന് അവിടുത്തെ തൊഴിലാളികൾ പറയുകയാണ്. ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് സർക്കാർ പ്രതികരിക്കാത്തത്? ഈ പദ്ധതി സംബന്ധിച്ച് ഞാൻ ഉത്തരവാദിത്വത്തോടുകൂടി ഒരു കാര്യം പറയാം. ഇതിന്റെ പുനരുദ്ധാരണത്തെ സംബന്ധിച്ച് ഈ സംസ്ഥാനത്തെ ഒട്ടനവധി മാനേജുമെന്റ് വിദഗ്ദ്ധരോട് സംസാരിച്ചു. ഓപ്പറേറ്റിംഗ് ഏജൻസി അടക്കമുള്ള ധനകാര്യ ഏജൻസിയിലെ ഉദ്യോഗസ്ഥരോട് അനൗപചാരികമായ സംഭാഷണം നടത്തി. ഈ സ്ഥാപനത്തിന് ഓർഡർ നൽകുന്ന ഭെല്ലിന്റെ (Bharath Heavy Electricals Limited-ന്റെ) മാനേജരുമായി സംസാരിച്ചു. അവരെല്ലാം പറയുന്നത് ഈ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ പറ്റുമെന്നാണ്. സർക്കാരിന് പണം മുടക്കില്ലാത്ത ഈ കാര്യം

9.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പോസിറ്റീവായിട്ട് ഒരു നിലപാട് എടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? കേരളത്തിലെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാസ്ഥാപനം നിങ്ങളുടെ നിരുത്തരവാദപരമായ നിലപാടുമൂലം ഇന്ന് അടച്ചുപൂട്ടലിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നയം മാറ്റത്തെക്കുറിച്ച് ഒട്ടനവധി കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. കോമൺ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ, തോൽവിയുടെ പശ്ചാത്തലത്തിൽ ഈ സർക്കാരിന് ഇത്തരത്തിലൊരു വീണ്ടുവിചാരം ഉണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് blue litmus test case ആയിട്ട് ഞങ്ങൾ കരുതാൻ പോകുന്നത് ഓട്ടോകാസ്റ്റിനോടുള്ള നിങ്ങളുടെ സമീപനമാണ്. അതുപോലെതന്നെ കെ.എസ്.ഡി.പി. ഫാക്ടറി. എല്ലാ കടമ്പകളും ഏതാണ്ട് കടന്നു. ഇനിയിപ്പോൾ ആരോഗ്യ വകുപ്പിന് തടസ്സമില്ല. അടുത്ത ക്യാബിനറ്റിലെങ്കിലും ബി.ഐ.എഫ്.ആർ. ഉന്നയിച്ചിരിക്കുന്ന നിർദ്ദേശം അംഗീകരിച്ചാൽ 11 മാസമായിട്ട് ശമ്പളം കിട്ടാത്ത തൊഴിലാളികൾക്ക് ഒരു ആശ്വാസമാകും. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇതിനി വച്ചുനീട്ടിക്കൊണ്ടുപോകാൻ ആകുകയില്ല എന്നുള്ളതാണ്. സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക ബാദ്ധ്യതയില്ലാതെ തന്നെ ഗവൺമെന്റിന്റെ കാഴ്ചപ്പാടും നയവും മാറ്റിയാൽ മേൽപ്പറഞ്ഞ രണ്ടു സ്ഥാപനങ്ങളേയും അതിലെ തൊഴിലാളികളേയും രക്ഷിക്കാൻ സാധിക്കും. അതു സംബന്ധിച്ച് ഈ സഭയിൽ ഒരു ഉറപ്പ് തരാൻ തയ്യാറുണ്ടോ യെന്ന് ഞാൻ ചോദിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട തോമസ് ഐസക് രണ്ട് കമ്പനികളുടെ കാര്യമാണ് പറഞ്ഞത്. ഒന്ന്, ഓട്ടോകാസ്റ്റ്. ഓട്ടോകാസ്റ്റിന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ ശ്രദ്ധിച്ചു. ഒരു ഗവൺമെന്റ് വാസ്തവത്തിൽ ഇത്ര താഴോട്ടുവന്ന് അദ്ദേഹമുൾപ്പെടെയുള്ള ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ചർച്ച ചെയ്ത വേറെ വിഷയമില്ല. ബി.ഐ.എഫ്.ആറിന്റെ ഏറ്റവും അവസാനം വരാൻ പോകുന്ന തീരുമാനം നമുക്ക് എതിരാണെന്ന് അറിഞ്ഞിട്ടും നമ്മൾ രണ്ടുകൂട്ടരും കൂടിയാലോചിച്ച് ബി.ഐ.എഫ്.ആറിന്റെ ഇപ്പോഴുള്ള തീരുമാനം വരാതിരിക്കാൻവേണ്ടി, ഒരു സൂത്രം പ്രയോഗിക്കാൻ വേണ്ടിയുള്ള പ്രൊപ്പോസൽ വരെ കൊടുത്തതിനുശേഷമാണ് ശ്രീ. തോമസ് ഐസക് ഇത് പറയുന്നത്. 20 കോടി രൂപ മൂലധനത്തിൽ ഈ കമ്പനി തുടങ്ങിയിട്ട് ഇതുവരെ സഞ്ചിത നഷ്ടം 130 കോടി രൂപയാണ്. മൂന്ന് പ്രാവശ്യം റിവൈവൽ പാക്കേജ് നടപ്പിലാക്കിയതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 20 കോടി ഉറുപ്പിക കൊടുത്തു. ആകെ മുന്നൂറു തൊഴിലാളികൾ ഉണ്ട്. ഞാൻ എണ്ണം കുറച്ചു പറയുകയല്ല. 50 ലക്ഷം ഉറുപ്പിക വരും പൊതുഖജനാവിൽനിന്ന് ഓരോ തൊഴിലാളിക്കും ശമ്പളം ഇനത്തിൽ കൊടുത്ത പണം. അതുകൊണ്ട് വിദഗ്ദ്ധ അഭിപ്രായമെന്നു പറയുന്നത് കോടികൾ ചോർന്നുകൊണ്ടിരിക്കും എന്നല്ലാതെ പ്രയോജനം ഉണ്ടാകില്ല എന്നാണ്. യാതൊരു അത്ഭുതവും അവിടെ ചെയ്യാൻ പറ്റുകയില്ല. ഈ കമ്പനി ഒരു വർഷം ഇനിയും ഓപ്പറേറ്റ് ചെയ്താൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും ചുരുങ്ങിയത് എന്തൊക്കെ മായാവിലാസം കാണിച്ചാലും, അതായത് വി.ആർ.എസ്സും ഒ.ടി.എസ്സും കൊടുത്താലും ഇതിന് കോടിക്കണക്കിന് ഉറുപ്പിക ചെലവാക്കണം. മൂന്ന് കോടി ഉറുപ്പിക വീതം അവിടെ പിന്നെയും നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കും. പൊതുഖജനാവിൽനിന്ന് യാതൊരു നിയന്ത്രണവുമില്ലാതെ ഇത്തരത്തിൽ പണം ചോർത്താൻ അനുവദിക്കണോ വേണ്ടയോ എന്നുള്ളതാണ് ഒരു ചോദ്യം. ബഹുമാനപ്പെട്ട അംഗം ഇതിന്റെ സാങ്കേതിക പ്രശ്നത്തെ സംബന്ധിച്ച് രോഷാകുലനായി പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഇതാണ് വസ്തുത. ഇങ്ങനെയൊക്കെയാണെങ്കിലും ശരി ഇപ്പോൾ അങ്ങ് ഉൾപ്പെടെയുള്ള ട്രേഡ് യൂണിയൻ തന്നിരിക്കുന്ന പ്രൊപ്പോസൽ....., പൈസ വേണ്ട എന്നാണല്ലോ പറയുന്നത്. അങ്ങനെയാണെങ്കിൽ നാളെ തീരുമാനിക്കാം. യാതൊരു സംശയവും വേണ്ട. സീരീയസ്സായി ആലോചിക്കാം. ഞങ്ങൾ തയ്യാറാണ്. പക്ഷേ ഒരു മേശയ്ക്കു ചുറ്റും വരുമ്പോൾ റിയാലിറ്റി അങ്ങയുടെ മുമ്പിൽ വരും. പിന്നെ ബി.ഐ.എഫ്.ആർ. അടച്ചുപൂട്ടാൻ തീരുമാനിച്ചുവെന്ന് വിചാരിച്ച് നാളെത്തന്നെ സ്റ്റേറ്റ് ബാങ്കിൽ എഴുതിക്കൊടുത്ത് പ്രൈവറ്റൈസ് ചെയ്യാമെന്ന് കരുതേണ്ട. അങ്ങനെയാണെങ്കിൽ ടെൽക്കിന്റെ കാര്യത്തിലുണ്ടായ തീരുമാനം ബഹുമാനപ്പെട്ട ജോയിക്കും മറ്റും അറിയാം. ആ തീരുമാനം ഉണ്ടായതിനുശേഷം തൊഴിലാളികൾ കോടതിയിൽ പോയി. ഗവൺമെന്റ് അത് സപ്പോർട്ട് ചെയ്തു. നമുക്ക് അങ്ങനെ വല്ല പ്രൊപ്പോസലുകളും ഉണ്ടെങ്കിൽ ഇനിയും അവസരമുണ്ട്. അതിനെക്കുറിച്ച് അങ്കലാപ്പ് വേണ്ട. പക്ഷേ പ്രശ്നം കൺവിൻസ് ചെയ്യാൻ സാധിക്കണം. ഇത് നടത്തിക്കൊണ്ടുപോകാൻ പറ്റുമെന്നുണ്ടെങ്കിൽ ഇനിയും അവസരമുണ്ട്. ഗവൺമെന്റ് അതിനോട് സഹകരിക്കാൻ തയ്യാറാണ്. അതുപോലെ കെ.എസ്.ഡി.പി.-യെ സംബന്ധിച്ച് പറയുകയാണെങ്കിൽ 44 കോടി രൂപയാണ് ഇപ്പോഴത്തെ നഷ്ടം. നമ്മൾ എടുത്തിരിക്കുന്ന സമീപനം, കോമൺ മിനിമം പ്രോഗ്രാം അനുസരിച്ച്, കേന്ദ്രത്തിന്റെ ബഡ്ജറ്റ് വരട്ടെ എന്നുള്ളതാണ്. പൊതുമേഖലയ്ക്ക് എത്ര കണ്ട് സപ്പോർട്ട് കിട്ടുമെന്ന് നോക്കാം. പരമ്പരാഗത വ്യവസായങ്ങൾക്ക് എത്ര സപ്പോർട്ട് കിട്ടുമെന്ന് നോക്കാം. അതിനനുസരിച്ച് നയം മാറ്റി ഇതൊക്കെ നിലനിർത്തുന്നതിനും സ്വകാര്യവത്കരിക്കുന്നത് വേണ്ടായെന്ന് വയ്ക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. കെ.എസ്.ഡി.പി.-യെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഏറ്റവും അവസാനം വന്നിരിക്കുന്ന നല്ലയൊരു പ്രൊപ്പോസലുണ്ട്. അങ്ങ് പറഞ്ഞു ആ പ്രൊപ്പോസൽ പാസ്സാക്കണം. ഞങ്ങൾ തന്നെ കൊടുത്ത പ്രൊപ്പോസലാണ്. നിങ്ങളൊക്കെ അറിഞ്ഞ പ്രൊപ്പോസലാണ്. അതായത് ഹിന്ദുസ്ഥാൻ ലാറ്റക്സ് ഏറ്റെടുക്കുന്ന പ്രൊപ്പോസലാണ്. അത് വന്നുകഴിഞ്ഞാൽ മാത്രം അതിന് സപ്പോർട്ടുണ്ട്. ഇപ്പോൾ ആ പ്രൊപ്പോസൽ ക്യാബിനറ്റിൽ പോയിരിക്കുകയാണ്. നമ്മുടെ ആരോഗ്യ വകുപ്പ് തന്നെ ഏറ്റെടുക്കണമോ എന്നുള്ളത് പരിശോധിക്കാൻ വേണ്ടി അത് ക്യാബിനറ്റ് മടക്കി. എന്നാൽ ആരോഗ്യ വകുപ്പു മന്ത്രിയും ഞാനും കൂടി ഒരു കോൺഫറൻസ് നടത്തി, അതു വേണ്ട ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഏറ്റെടുത്തോട്ടെ എന്നാണ് അവസാനം തീരുമാനിച്ചിരിക്കുന്നത്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഏറ്റെടുത്താൽ അത് കേന്ദ്ര പൊതുമേഖലയിൽ മുന്നോട്ടു പോകും.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്ക്: ഈ പറയുന്ന സാങ്കേതിക നഷ്ടത്തിൽ 35 കോടി രൂപ പലിശയും വേറെയൊരു 30 കോടി രൂപ ഡിപ്രീസിയേഷനുമാണ്. അതുപോലെ ബഡ്ജറ്ററി സപ്പോർട്ട് തുടർന്ന് നൽകണം എന്നല്ല തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുള്ളത്. അവിടുത്തെ പ്രൊഡക്ഷൻ പ്രോസസ്സിൽ പണച്ചെലവില്ലാതെ നടത്താൻ പറ്റുന്ന ടെക്നിക്കൽ ചെയ്ഞ്ചസ് വളരെ ഡീറ്റെയിൽഡായി നൽകിയിട്ടുണ്ട്. മൂന്ന് വർഷം കൊണ്ട് സർക്കാർ സോഫ്റ്റ് ലോൺ ആവശ്യപ്പെടുന്നത് മൂന്നരക്കോടി രൂപയാണ്. ഇതു പരിശോധിക്കുന്നതിന് ഒരു കോൺഫറൻസ് വിളിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വച്ച് പറയാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കമ്പനി അങ്ങനെയാണെങ്കിലും അവിടെയുള്ള ട്രേഡ് യൂണിയൻ നേതാക്കളൊക്കെ വലിയവരാണ്. അതുകൊണ്ട് നമുക്ക് കോൺഫറൻസ് വിളിക്കാം. എന്തെങ്കിലും അൽഭുതം സംഭവിക്കുമോ എന്നു നോക്കാം. ഈ ആഴ്ച തന്നെ കോൺഫറൻസ് വിളിക്കാം.

(2) ഉന്നത വിദ്യാഭ്യാസത്തിനുള്ള ബാങ്ക് വായ്പകൾ

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിൽ വിദ്യാഭ്യാസം ചെയ്തു കൊണ്ടിരിക്കുന്ന പതിനായിരക്കണക്കിന് കുട്ടികളെ സാമ്പത്തികമായി സഹായിക്കുന്നതിന് ബാങ്ക് ലോൺ ത്വരിതപ്പെടുത്തി കൊടുക്കുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബാങ്ക് മാനേജർമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുചേർത്ത് പാവപ്പെട്ടവരും നിർദ്ധനരുമായ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ലോൺ ലഭ്യമാക്കണം എന്നുള്ളതാണ് എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത്. 2003-ലെ കണക്കനുസരിച്ച് കേരളത്തിൽ കൊമേഴ്സ്യൽ ബാങ്കുകളുടെ 3439 ബ്രാഞ്ചുകൾ ഉണ്ട്. ഇൻഡ്യയിലെ മൊത്തം ബ്രാഞ്ചുകളുടെ 5.1 ശതമാനം കേരളത്തിലുണ്ട്. ഏകദേശം 10,000 ആളുകൾക്ക് ഒരു ബാങ്ക് വച്ച് കേരളത്തിലുണ്ട്. 2003-ലെ സി.ഡി. റേഷ്യോ അനുസരിച്ച് ഡിപ്പോസിറ്റ് 65,961 കോടി രൂപയും ക്രെഡിറ്റ് 27,007 കോടി രൂപയുമാണ്. പാവപ്പെട്ടവർക്ക് എഡ്യൂക്കേഷണൽ ലോൺ കൊടുക്കണമെന്ന് റിസർവ്വ് ബാങ്കിന്റേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടേയും ശക്തമായ നിർദ്ദേശങ്ങൾ ഉള്ളതാണ്. 4 ലക്ഷം രൂപ വരെ ഒരു സെക്യൂരിറ്റിയും വാങ്ങാതെ ലോൺ കൊടുക്കണം എന്നാണ് നിബന്ധനയുള്ളത്. ഇൻഡ്യയ്ക്ക് അകത്തും പുറത്തും പഠിക്കാനുള്ള സഹായം കൊടുക്കണമെന്ന് വ്യക്തമായി ആർ.ബി.ഐ.-യും ഗവൺമെന്റ് ഓഫ് ഇൻഡ്യയും നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ന് ബാങ്കിനെ സമീപിക്കുന്ന രക്ഷകർത്താക്കളും കുട്ടികളും വളരെ നിരാശരാണ്. കാരണം ഈടു കൊടുത്തെങ്കിൽ മാത്രമേ അല്ലെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൊടുത്തെങ്കിൽ മാത്രമേ ലോൺ കൊടുക്കുന്ന സാഹചര്യമുള്ളൂ. അതും ഒന്നോ രണ്ടോ എണ്ണം പേരിനു മാത്രം കൊടുത്തിട്ട് ഞങ്ങളുടെ കാര്യം കഴിഞ്ഞു എന്ന മറുപടിയാണ് ബാങ്കുകൾ പറയുന്നത്. മാത്രമല്ല, മാസങ്ങളോളം ബാങ്കുകളുടെ പിന്നാലെ നടന്ന് നിരാശരായി പഠനം നിർത്തേണ്ടിവന്ന ധാരാളം കുട്ടികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly